LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയിലെ സ്തംഭനാവസ്ഥ

104(2460) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനം മൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും തൊഴിലെടുക്കുന്നവർക്കും വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി ഒന്നാം കോവിഡ് തരംഗത്തിനുശേഷം നടത്തിയ പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിൻ ഏറെ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. അതിന്റെ തുടർച്ചയെന്നോണം വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. മാത്രമല്ല കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവ ഉൾപ്പെടെ എല്ലാ ടൂറിസം വകുപ്പ് അംഗീകൃത/ക്ലാസിഫൈഡ് യൂണിറ്റുകൾക്കും അവയുടെ അംഗീകാരം തീരുന്ന മുറയ്ക്ക് 2020 ജനുവരി മുതൽ 2021 ഡിസംബർ 31 വരെ നിബന്ധനകളില്ലാതെ പുതുക്കി നൽകാനും തീരുമാനമായിട്ടുണ്ട്.

(ബി) കോവിഡ് ഇളവുകളിൽ ടൂറിസം മേഖലയെ ഉൾപ്പെടുത്തി ആഭ്യന്തര ടൂറിസം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ ക്രമാനുസരിച്ചും കോവിഡ് ഇളവുകളിൽ ടൂറിസം മേഖലയെ ഉൾപ്പെടുത്തിയും ആഭ്യന്തര ടൂറിസം പുനരാരംഭിക്കാനുള്ള പരിശ്രമങ്ങളിലാണ്.

(സി) കോവിഡിന്റെ ഒന്നാം തരംഗത്തിൽ ക്വാറന്റൈൻ സൗകര്യമൊരുക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത ടൂറിസം റിസോർട്ടുകൾക്ക് അർഹമായ വാടക നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡിന്റെ ഒന്നാം തരംഗത്തിൽ ക്വാറന്റൈൻ സൗകര്യമൊരുക്കുന്നതിനായി വിവിധ ജില്ലകളിലെ ഹോട്ടലുകളും റിസോർട്ടുകളും ഉൾപ്പെടെയുള്ള താമസ സൗകര്യങ്ങൾ കണ്ടെത്തി നിരക്ക് നിശ്ചയിച്ച് നൽകുകയാണ് ടൂറിസം വകുപ്പ് ചെയ്തത്. ഓരോ ഹോട്ടലുകളിലും എത്ര മുറികളിൽ എത്ര ദിവസം ക്വാറന്റൈൻ സൗകര്യം ഒരുക്കി എന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലാ കളക്ടർമാർ വഴി ദുക ഡിസാസ്റ്റർ മാനേജ്മെന്റ് റിലീഫ് ഫണ്ട് വഴി വിതരണം ചെയ്യാനാണ് തീരുമാനമെടുത്തിട്ടുള്ളത്.

കോവളം മണ്ഡലത്തിൽ ടൂറിസം വില്ലേജ്

105(2461) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ പൂവാർ പൊഴിക്കരയിൽ വേളി മാതൃകയിൽ ടൂറിസം വില്ലേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യത പരിശോധിച്ച് ആവശ്യമായ സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് പരിശോധിക്കാവുന്നതാണ്.

തുഷാരഗിരിയിലെ വികസന പ്രവർത്തനങ്ങൾ

106(2462) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഷാരഗിരിയിലെ വികസന പ്രവർത്തനങ്ങൾക്കായി സ്വകാര്യവ്യക്തി സൗജന്യമായി ഡി.റ്റി.പി.സി.-ക്ക് വിട്ടുനൽകിയ 35 സെന്റ് സ്ഥലം ഉപയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത സ്ഥലം അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. ഡി.റ്റി.പി.സി.-ക്ക് സ്വകാര്യ വ്യക്തി വിട്ടുനൽകിയ 35 സെന്റ് സ്ഥലത്തിലേയ്ക്ക് നിലവിൽ റോഡ് സൗകര്യമില്ലാത്തതും വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതുമാണ്. ആവശ്യമായ റോഡ് സൗകര്യവും വൈദ്യുതിയും എത്തിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കിയതിനുശേഷം തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly